(സി) കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മറ്റ് നിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നത് വഴി സംസ്ഥാനത്തിന് നഷ്ടം വരുന്നത് തടയാനും നടക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണ ഫലപ്രാപ്തിയിലെത്തിക്കാനും സാധിക്കുന്നതാണ്.

## 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനം

165 (3319) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനം സംബന്ധിച്ച് ഏറ്റവും ഒടുവിൽ ചീഫ് സെക്രട്ടറി തലത്തിൽ വിലയിരുത്തൽ നടത്തിയത് എപ്പോഴാണ്; പ്ലാൻ പെർഫോമൻസ് സംബന്ധിച്ച പ്രസ്തുത മീറ്റിംഗിന്റെ വിലയിരുത്തലുകൾ വിശദമാക്കാമോ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക (ഉപാധിനാഭ്യർത്ഥന ഒഴികെയുള്ളത്)എത്ര, വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട (ഉപാധിനാഭ്യർത്ഥന ഇല്ലാതെ) തുകയുടെ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ടായിരുന്നു; യഥാർത്ഥ ചെലവിന്റെ ശതമാന കണക്കുകൾ വിശദമാക്കാമോ;

(ഡി) 2014-15 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഓരോ വകുപ്പിലും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; അതിൽ 2015 മാർച്ച് 31 വരെ ചെലവഴിക്കപ്പെട്ടത് എത്ര; യഥാർത്ഥ ചെലവിന്റെ ശതമാന കണക്കുകൾ വിശദമാക്കാമോ?

ഉത്തരം

(എ) 22-5-2015-ലെ ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരുമായുള്ള യോഗത്തിലാണ് 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനം സംബന്ധിച്ച് ഏറ്റവും ഒടുവിൽ വിലയിരുത്തൽ നടത്തിയത്. പദ്ധതി പെർഫോർമൻസ് സംബന്ധിച്ച പ്രസ്തുത യോഗത്തിലെ പ്രധാനപ്പെട്ട വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു:

- 1479 പദ്ധതികളിലായി മൊത്തം 4451 ഘടകങ്ങളിൽ 4433 ഘടകങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
- പ്രോജക്ട് എസ്റ്റിമേറ്റുകളുടെ ഉയർന്ന തോതിലുള്ള പരിഷ്കരണം, എസ്റ്റിമേറ്റഡ് ചെലവിനെക്കാൾ ഉയർന്ന തുക quote ചെയ്യൽ, ഭൂമിയുടെ ദൗർലഭ്യം, യോഗ്യരായ പ്രൊപ്പോസലുകൾ/അപേക്ഷകരുടെ ദൗർലഭ്യം എന്നിവയാണ് യഥാസമയത്ത് ഭരണാനുമതി നൽകാൻ കഴിയാത്ത കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

- 20000 കോടി രൂപയുടെ പദ്ധതി അടങ്കലിൽ 14251 കോടി രൂപ (71%) ചെലവഴിച്ചിട്ടുണ്ട്. ഇത് 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 10% കുറവാണ്.

- പദ്ധതി നടത്തിപ്പിലും നിരീക്ഷണത്തിലും ഏർപ്പെടുത്തിട്ടുള്ള 39 വകുപ്പുകളുടെ പ്രകടനം വിലയിരുത്തുമ്പോൾ 22 വകുപ്പുകൾ സംസ്ഥാന ശരാശരിയായ 71% മുകളിലും അവശേഷിക്കുന്ന 17 വകുപ്പുകൾ സംസ്ഥാന ശരാശരിയുടെ താഴെയുമാണ്.

- 'payment' നടത്തുന്നതിലുള്ള സാങ്കേതികവും മറ്റുതരത്തിലുമുള്ള കാരണങ്ങൾ കൊണ്ടുള്ള കാലതാമസം വൻകിട വികസന പ്രോജക്ടുകൾക്കുള്ള സ്ഥലം ഏറ്റെടുക്കലിലുള്ള കാലതാമസം 'Bidder' പങ്കാളിത്തം പ്രോത്സാഹിപ്പിക്കാൻ 'pre qualification' മാനദണ്ഡങ്ങൾ പരിഷ്കരിക്കേണ്ടതായിരുന്നത്, ടെണ്ടർ ഉറപ്പിക്കുന്നതിനുള്ള കാലതാമസം, കേന്ദ്രസഹായം യഥാസമയം നൽകാത്തത് എന്നിവയാണ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ചില തടസ്സങ്ങൾ.

(ബി&സി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കുള്ള പദ്ധതി വിഹിതം, ചെലവഴിച്ച തുക, ചെലവിന്റെ ശതമാനം ഇവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.

(ഡി) ഇത് സംബന്ധിച്ച വിവരം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു*.

## 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവും ടി.പി. അക്കൗണ്ടുകളിലെ തുകയും

166 (3320) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31-ന് പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എത്ര തുക വിവിധ T.P.അക്കൗണ്ടുകളിലുണ്ടായിരുന്നു; വിശദമാക്കാമോ; തദ്ദേശ സ്വയംഭരണ വകുപ്പിനായി വകയിരുത്തപ്പെട്ട തുകയിൽ ചെലവഴിക്കാതിരുന്ന തുക എത്രയായിരുന്നുവെന്ന വെളിപ്പെടുത്തുമോ;

(ബി) 2015 മാർച്ച് 31 ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ T.P അക്കൗണ്ടുകളിലുണ്ടായിരുന്ന മൊത്തം തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly